| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പന്ത്രണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.284 | | 01/12/2014 ൽ മറുപടിക്ക് | |
| വിജിലൻസ് റെയ്ഡ് | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.സി.ദിവാകരൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര ഉന്നതോദ്യോഗസ്ഥരുടെ വീട്ടുകളിലാണ് 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തിയത് ; എത്ര ഉദ്യോഗസ്ഥരാണ് കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി കണ്ടെത്തിയത് ; ഇവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന വിശദമാക്കുമോ ? | (എ) | 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ച എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർ ഷാനവാസ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ എമർജിംഗ് ഇന്ത്യാ ലിമിറ്റഡ്, ശ്രീ.പി.കെ.ഷാജി, തഹസിൽദാർ, ശ്രീ.റ്റി.ഒ.സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് എന്നീ 3 ഉന്നത ഉദ്യോഗസ്ഥരുടെ വീട്ടുകളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. ഇവർക്കെതിരെയുള്ള കേസുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണ വിധേയമായി ശ്രീ.റ്റി.ഒ.സൂരജിനെ സർക്കാർ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ